**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1953** **11-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ വിമാനത്താവളത്തിലെ ടാക്സി നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ പ്രാദേശിക ടാക്സി ഡ്രൈവർമാരെ ഒഴിവാക്കി എന്തെങ്കിലും ടാക്സി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും സി.ടി.&ഒ.ടി. കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. കണ്ണൂർ എയർപോർട്ടിൽ എത്തുന്ന യാത്രക്കാരെ കൊണ്ടു പോകുന്നതിനുള്ള പ്രീ പെയ്ഡ് ടാക്സി സംവിധാനം ടെൻഡർ നടപടിയിലൂടെ സി ടി & ടി എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. പ്രസ്തുത സ്ഥാപനം ഈ സർവ്വീസ് കരാർ പ്രകാരം നടത്തുന്നുണ്ട്. നിബന്ധനകൾക്ക് വിധേയമായി പ്രാദേശിക ടാക്സികളും നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത കമ്പനി ഈടാക്കുന്ന നിരക്ക് എത്രയാണെന്നും ആയത് സർക്കാർ നിശ്ചയിച്ച നിരക്കിൽ നിന്നും വ്യത്യസ്തമാണോയെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത കമ്പനി, കണ്ണൂർ വിമാനത്താവളത്തിൽ ഇറങ്ങുന്ന യാത്രക്കാരിൽ നിന്നും ടാക്സി സംവിധാനത്തിനായി ഈടാക്കുന്ന നിരക്ക്, കരാർ പ്രകാരമുള്ളതാണ്. |
| (സി) | കണ്ണൂർ വിമാനത്താവളത്തിൽ ടാക്സികൾക്ക് എൻട്രി ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത ഫീസ് നൽകുന്നതിൽ നിന്നും പ്രാദേശിക ടാക്സി ഡ്രൈവർമാരെ ഒഴിവാക്കാത്തതും ചട്ടവിരുദ്ധമായി വൻ തുക ഫീസ് നിശ്ചയിച്ചതും പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. പ്രസ്തുത ഫീസ് ചട്ട വിരുദ്ധമായ ഫീസല്ല. കോവിഡ് മഹാമാരി കാരണം വന്ദേ ഭാരത് മിഷന്റെ ഭാഗമായുള്ള ഫ്ലൈറ്റുകൾ സർവ്വീസ് നടത്താൻ തുടങ്ങിയപ്പോൾ ഇവിടെ ഇറങ്ങുന്ന യാത്രക്കാരെ കൊണ്ടു പോകാൻ കൂടുതൽ ടാക്സി സർവ്വീസുകൾ വേണ്ടി വന്നു. സബ് കലക്ടറുടെ 24 ജൂലൈ 2020 തിയതിയിലെ ഉത്തരവ് പ്രകാരം, മുൻകൂട്ടി ബുക്ക് ചെയ്ത ടാക്സി വാഹനങ്ങൾക്ക് ഇവിടെ ഇറങ്ങുന്ന യാത്രക്കാരെ കയറ്റിക്കൊണ്ടുപോകാൻ അനുവാദം കൊടുത്തിരുന്നു. കണ്ണൂർ എയർപോർട്ട് ഇതനുസരിച്ച് മുൻകൂട്ടി ബുക്ക് ചെയ്ത ടാക്സികൾക്ക് യാത്രക്കാരെ കയറ്റിക്കൊണ്ടു പോകാൻ 250 രൂപ (ജി എസ് ടിയും 2 മണിക്കൂർവരെ വാഹനം പാർക്ക് ചെയ്യാനുള്ള ചാർജ്ജും ഉൾപ്പടെ) അതായത് നിലവിലുള്ള എയർപോർട്ട് പ്രീ പെയ്ഡ് ടാക്സി ഓപ്പറേറ്ററിൽ നിന്നും ഈടാക്കുന്ന നിരക്കിന്റെ പകുതി നിരക്ക് മാത്രം ഈടാക്കാൻ തീരുമാനിക്കുകയാണ് ചെയ്തത്. പ്രസ്തുത നിരക്ക് നൽകി ടാക്സി കാറുകൾ സർവ്വീസ് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ